അസ്തിത്വത്തെക്കുറിച്ച് ആത്മവിശ്വാസത്തോടെ

പി.കെ.എം ജലീൽ ഹുദവി,
സൈനുൽ ആബിദ് ടി.ടി

ഷെല്ലുകൾ പെയ്തിറങ്ങുന്ന കശ്മീരിന്റെ മണ്ണ്. സ്വാസ്ഥ്യങ്ങൾ തകർത്തെറിഞ്ഞ യുദ്ധത്തിന്റെ ക്രൗര്യം കാർഗിലിലെ പോയൻ ഗ്രാമം തിരിച്ചറിഞ്ഞത് അന്നായിരുന്നു. ശൈശവത്തിന്റെ നിർമലതയിൽ പള്ളിക്കൂടങ്ങളിൽ പോയവർ അന്ന് അധികം തരിച്ചുവന്നില്ല. ഇടിത്തീയായി മുന്നിൽ പതിച്ച ഷെല്ലിൽ റോഡരികിൽ വീണുകിടക്കുമ്പോൾ ദൈവകടാക്ഷമെന്ന പോലെ ഒരു കാർ വന്നു ആശുപത്രിയിലേക്ക് കൊണ്ടുപോയി.

ദേശാതിരുകൾ തീർത്ത യുദ്ധം നഷ്ടപ്പെടുത്തിയ ബാല്യത്തെക്കുറിച്ച് സംസാരിച്ചാണ് കശ്മീരിൽ നിന്നു വന്ന ജാമിയ മില്ലിയ്യ വിദ്യാർത്ഥി ഹൈദർ വികരാധീനനായത്. ഫെബ്രുവരി 17 മുതൽ 21 വരെയായി കേരളത്തിൽ മുസ്‌ലിം യൂത്ത് ലീഗ് നടത്തിയ നാഷണൽ മുസ്‌ലിം യൂത്ത് മീറ്റിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നും രാജ്യത്തെ അഞ്ച് ഉന്നത സർവകലാശാലകളിൽ നിന്നും പ്രതിനിധികളായി എത്തിയതായിരുന്നു അവർ. യുദ്ധത്തിന്റെയും അരക്ഷിതത്വത്തിന്റെയും രാഷ്ട്രീയ അസ്ഥിരതയുടെയും വർഗീയ സംഘർഷത്തിന്റെയും തീവ്രവാദ ഭീകരവാദത്തിന്റെ സംശയങ്ങളുടെയും കലുഷ നിലങ്ങളിലേക്കാണ് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ 'അഭിമാനകരമായ അസ്തിത്വം' എന്ന രാഷ്ട്രീയ ദർശനത്തിന്റെ പാലം മുസ്‌ലിം യൂത്ത് ലീഗ് പണിതത്.

ദേശീയ രാഷ്ട്രീയത്തിൽ അരികിലേക്കു മാറ്റപ്പെട്ടു കഴിയുന്ന ഒരു സമൂഹം, അരാഷ്ട്രീയ വാദത്തിന്റെയും മതരാഷ്ട്ര വാദത്തിന്റെയും ഭ്രാന്തുകൾ ഒരേ സമയം അടിച്ചേൽപ്പിക്കപ്പെടാൻ വിധിച്ചവർ, ഓരോ തെരെഞ്ഞെടുപ്പിലും സമുദായത്തിന്റെ വോട്ടു കൊണ്ട് കച്ചവടമുറപ്പിക്കുന്ന ശാഹി ഇമാമുമാർ. വിഭജനത്തിന്റെ ഉത്തരവാദിത്തം പേറേണ്ടി വന്നവർ വിഭജനനാന്തരം വിവിധ പാർട്ടികളുടെ വ്യത്യസ്തമായ കൊടിക്കീഴിൽ നിവർന്നു നിൽക്കാൻ പോലുമാകാതെ തകർന്നടിഞ്ഞു. ചെങ്കോട്ടയിലിരുന്ന് രാജ്യം അടക്കിവാണവർ അങ്ങനെ സ്വന്തമായി സംഘടിക്കാൻ പോലും ആത്മവിശ്വാസമില്ലാത്തവരമായിത്തീർന്നു. സ്വന്തം അസ്തിത്വത്തിലൂന്നിയുള്ള ആലോചനകൾ മുന്നോട്ടു കൊണ്ടുപോകാൻ പോലും അവർ അശക്തരായി.

അസ്തിത്വത്തെക്കുറിച്ച് ആത്മ വിശ്വാസം കൈവരിക്കാതെ ഒരു സമൂഹത്തിനും മുന്നോട്ടു ചലിക്കുക സാധ്യമല്ല. വിഭജനത്തിന്റെയും ന്യൂനപക്ഷ ബോധത്തിന്റെയും ഇടയിൽ ഞെരിഞ്ഞമർന്നു പോയ അസ്തിത്വബോധത്തെ യഥാതഥം ഉയിർത്തെഴുന്നേൽപ്പിക്കാനുള്ള ആത്മാർത്ഥമായ ഉദ്യമം മാത്രമായിരുന്നു യൂത്ത് ലീഗ് കാഴ്ച വെച്ചത്. കൊൽക്കത്തയിലെ റിക്ഷ വലിക്കുന്ന സമൂഹത്തിനിടയിലേക്ക്, അസംഗഢിലെ ടാർഗറ്റ് ചെയ്യപ്പെടുന്ന യൗവനത്തിലേക്ക്, കശ്മീരിലെ കലുഷിതമായ യുദ്ധഭൂമിയിലേക്ക്, മതരാഷ്ട്രവാദികളാൽ അരാഷ്ട്രീയരായി, തീവ്രവാദത്തിന്റെ കൊടും വഴിയിലേക്ക് വഴുതിവീഴുന്ന തലമുറയിലേക്ക് അഭിമാനകരമായ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ചുള്ള ഈ കാഹളധ്വനി മുഴങ്ങിയെത്തുക തന്നെ ചെയ്യും.

യാത്ര ഒരു അനുഭൂതിയാണ്. യാത്ര നൽകുന്ന ചിത്രങ്ങളോരോന്നും വൈവിധ്യം നിറഞ്ഞതായിരിക്കും. രാഷ്ട്രീയ അവബോധ യാത്ര സമ്മാനിച്ചത് അർത്ഥമേറിയ സാമൂഹിക അനുഭവങ്ങളായിരുന്നു. കേരളത്തിലെ രാഷ്ട്രീയ സംഘബോധം നേടിക്കൊടുത്ത ജൈത്രയാത്രയുടെ പുനരാലേഖനം. ഇന്ത്യൻ ജനാധിപത്യ സംസ്കാരത്തിൽ ന്യൂനപക്ഷത്തു നിന്നു കൊണ്ട് ക്രിയാത്മക രാഷ്ട്രീയത്തിലൂടെ എത്ര അർത്ഥവത്തായി ഇടപെടാമെന്നതിന്റെ നേർക്കാഴ്ച. ഇന്ത്യയിലെ ഒരു രാഷ്ട്രീയ വിദ്യാർത്ഥിക്ക് കേരള രീതിയെ പച്ചയായ രൂപത്തിൽ പകർത്താൻ ഉതകും വിധമുള്ള കൂടിക്കാഴ്ചകൾ. മുസ്‌ലിം രാഷ്ട്രീയത്തിന്റെ ഈ പച്ചപ്പുമേന്തിക്കൊണ്ടാണ് ശ്രീനഗറിലെയും അസംഗഢിലെയും മുർശിദാബാദിലെയും ചെറുപ്പക്കാർ സാമൂതിരിയുടെ കോഴിക്കോട്ടു നിന്നു വണ്ടി കയറിയത്.

> കേരളത്തിൽ അഞ്ചു ദിവസത്തെ യാത്രയിൽ അനുഭവിച്ചറിഞ്ഞതൊക്കെയും ഒരു സമൂഹത്തിന്റെ ആവേശവും പ്രതീക്ഷയുമാക്കി മാറ്റാനുള്ള ദൃഢനിശ്ചയത്തിലാണ് അംഗങ്ങൾ മടങ്ങിയത്. കേരളത്തിലെ ഈ വിജയം തങ്ങളുടെ ജനതക്കു കൂടി അനുഭവിപ്പിച്ചു നൽകാനുള്ള ഉത്തരവാദിത്ത ബോധം അവരുടെ മുഖത്ത് പ്രകടമായിരുന്നു.

വിവിധ പ്രാദേശിക പാർട്ടികളിൽ ഛിന്നഭിന്നമായി പേരിനു പോലും പ്രാതിനിധ്യം തെളിയിക്കാൻ കഴിയാത്ത സ്ഥിതി വിശേഷം. അലിഗഢിൽ നിന്നു വന്ന ബിലാൽ മുസമ്മിലിന്റെ സ്വദേശമായ അമറോഹയിൽ 82 ശതമാനമാണ് മുസ്‌ലിം ആവാസം. എന്നിട്ടും ഇവിടെ പക്ഷേ, പാർലമെന്റിലേക്ക് ബി.ജെ.പിയുടെ സ്ഥാനാർത്ഥി ജയിച്ചു കയറുന്നു! രാഷ്ട്രീയമായ ഈ അരക്ഷിതത്വത്തിനിടയിൽ നിന്ന് സമൂഹത്തെ രക്ഷിച്ചെടുക്കാൻ ഇവിടെ ആത്മാർത്ഥതയുള്ള നേതൃത്വമില്ല. രാഷ്ട്രീയം വോട്ടു കച്ചവടത്തിനുള്ള ഏർപ്പാടു മാത്രമാണ് ചിലർക്ക്'- ബിലാലിന്റെ വാക്കുകളിൽ രോഷം.

യു.പിയിലെ ഗാസിപൂർ ജില്ലയിലെ മുസ്‌ലിംകൾ തിങ്ങിപാർക്കുന്ന ദില്ദാർ നഗറിൽ ആർ.ജെ.ഡിക്കാണ് സ്വാധീനം. ഇവിടത്തെ പന്ത്രണ്ട് കംസറുകൾ ചേർന്നു ധാരാളം മുഴുസമയ മദ്രസകൾ നടത്തുന്നു. ആധുനികതയോട് തീർത്തും വിരക്തി പുലർത്തുന്ന മദ്രസകളിൽ നിന്നു പഠിച്ചിറങ്ങുന്നവർ തൊപ്പിയും താടിയും ധരിച്ചു ഒരു അപേക്ഷ പൂരിപ്പിക്കാൻ പോലും അന്യന്റെ മുന്നിൽ കൈനീട്ടേണ്ട ദുരവസ്ഥ. കൂടുതൽ മദ്രസകൾ നിർമ്മിക്കാൻ ഗുജറാത്ത് സർക്കാർ മുസ്‌ലിംകൾക്ക് ഫണ്ട് അനുവദിക്കുന്നുവത്രെ. മദ്രസയിൽ പോകുന്ന കാലമത്രെയും ഇവർക്ക് സ്കൂൾ വിദ്യാഭ്യാസം വിദൂരമാവുകയും അങ്ങനെ ഇവരെ തളച്ചിടാനാകുമെന്നത് തന്നെ ഇതിനു പിന്നിൽ മോഡിയും കൂട്ടരും കാണുന്ന യുക്തി. സ്കൂൾ വിദ്യാഭ്യാസത്തിന് വിഘാതമാകാത്ത രീതിയിൽ കേരള പണ്ഡിതർ രൂപം നൽകിയ പാർട്ട് ടൈം മദ്രസകളെ ഉത്തരേന്ത്യ മാതൃകയാക്കണമെന്നാണ് എറണാകുളത്തെ നാഷണൽ യൂത്ത് മീറ്റ് ഉദ്ഘാടന വേദിയിൽ പ്രശസ്ത മനുഷ്യാവകാശ പ്രവർത്തക ടീസ്റ്റ് സെറ്റിൽവാദ് പറഞ്ഞത്. മദ്രസകളിൽ വ്യവസ്ഥാപിതമായി ആധുനിക വിദ്യാഭ്യാസം നൽകാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ശ്രമത്തെ നഖശിഖാന്തം എതിർത്തു സംസാരിക്കുന്നത് ഇത്തിഹാദുൽ മുസ്‌ലിമീൻ കൗൺസിൽ പാർലമെന്റ് അംഗം അസദുദ്ദീൻ ഉവൈസി. ഈ വിയോജന വിഘടനം കൊണ്ട് എന്ത് നേടാനാകുമെന്ന് ഉത്തരേന്ത്യയിലെ രാഷ്ട്രീയ വിദ്യാർത്ഥികൾ ആത്മ വിചാരണ ചെയ്യുന്നു.

ആധുനികതയിൽ നിന്നു നല്ല വശങ്ങൾ സ്വീകരിക്കണമെന്ന മൗലാന അലീമിയാന്റെ അർത്ഥവത്തായ ആഹ്വാനത്തിനു പോലും ഇവിടെ പ്രസക്തിയില്ല. സമുദായ നന്മകൾ ആരായാതെ മൗലാനമാരുടെയും ശാഹി ഇമാമുമാരുടെയും ഈ കടുംപിടുത്തത്തിൽ കുടുങ്ങിക്കിടക്കുന്ന ഉത്തരേന്ത്യയിലെ സമൂഹത്തിനിടയിലേക്ക് കടന്നു ചെല്ലുക ക്ഷിപ്രസാധ്യമല്ല. മതവിദ്യ നേടുന്നവർക്ക് സ്കൂൾ വിദ്യാഭ്യാസത്തിന് സാഹചര്യമില്ലാതിരിക്കുകയും സ്കൂൾ വിദ്യ അഭ്യസിക്കുന്നവർക്ക് മതവിദ്യാഭ്യാസത്തിന് അവസരമില്ലാത്തതുമാണ് ഉത്തരേന്ത്യൻ മുസ്‌ലിംകൾക്കിടയിൽ സാമൂഹിക മുന്നേറ്റത്തിനും രാഷ്ട്രീയ ഐക്യത്തിനും തടസ്സമായി നിൽക്കുന്നത്. ഉന്നത ഭൗതിക വിദ്യ നേടി പുരോഗതി കൈവരിക്കുന്ന ഉയർന്ന വിഭാഗം മുസ്‌ലിംകൾ തങ്ങളുടെ സുഖാഭിരാമം നിലനിർത്തുന്നുവെന്നല്ലാതെ, മതബോധവും അറിവും ഇല്ലാത്തത് മൂലം തങ്ങളിലെ അധഃസ്ഥിതരെക്കുറിച്ച് ചിന്തിക്കുക പോലും ചെയ്യുന്നില്ല. ഈയൊരു മതാധിഷ്ഠിതമായ സാമൂഹിക അന്തരീക്ഷം കേരളത്തിലെ മദ്രസകളും രാഷ്ട്രീയ സംഘശക്തിയും മൂലം സാധിച്ചെടുത്തതാണ്.

രാഷ്ട്രീയമായ പ്ലാറ്റ്ഫോമില്ലാതെ മുസ്‌ലിം വിദ്യാർത്ഥികൾ ബൗദ്ധികമായി ഇടപെടാവുന്ന തലമന്വേഷിച്ചു ഇടതിലേക്കും മറ്റും ചേക്കേറുന്നു. മുതലാളിത്ത പോരാട്ടം പ്രസംഗിക്കുകയും എന്നാൽ മുതലാളിത്വ സാമ്രാജ്യത്വ വാദികൾക്ക് വേണ്ടി ന്യൂനപക്ഷങ്ങളെ ഇരയാക്കുകയുമാണ് യഥാർത്ഥത്തിൽ ഇടതു പക്ഷം അധികാരത്തിലിരിക്കെ ചെയ്തുകൊണ്ടിരിക്കുന്നത്. മുസ്‌ലിം വേദിയിൽ നിന്നുകൊണ്ട് ഇതര പിന്നാക്ക വിഭാഗങ്ങൾക്ക് കൂടി വാദിക്കുകയെന്ന കേരള രീതി മാതൃകാപരമാണെന്ന് ഡൽഹിയിലെ വിദ്യാർത്ഥികൾ. ഇസ്‌ലാമിക സ്വത്വത്തിൽ നിന്ന് കൊണ്ട് മുസ്‌ലിംകൾക്കും പിന്നാക്ക വിഭാഗങ്ങൾക്കും ശബ്ദിക്കുന്ന ബൗദ്ധികമായ ഒരു ഹരിത വേദിക്ക് ഡൽഹി സർവകലാശാലകളിൽ നേതൃത്വം നൽകുമെന്ന് ജാമിയ മില്ലിയ്യയിൽ നിന്നുള്ള ബദ്റെ ആലം. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടെ ഇടപെടുകയെന്നതാണ് മുഖ്യമായുള്ള നിർദ്ദേശം.

കേരളത്തിൽ അഞ്ചു ദിവസത്തെ യാത്രയിൽ അനുഭവിച്ചറിഞ്ഞതൊക്കെയും ഒരു സമൂഹത്തിന്റെ ആവേശവും പ്രതീക്ഷയുമാക്കി മാറ്റാനുള്ള ദൃഢനിശ്ചയത്തിലാണ് അംഗങ്ങൾ മടങ്ങിയത്. കേരളത്തിലെ ഈ വിജയം തങ്ങളുടെ ജനതക്കു കൂടി അനുഭവിപ്പിച്ചു നൽകാനുള്ള ഉത്തരവാദിത്ത ബോധം അവരുടെ മുഖത്ത് പ്രകടമായിരുന്നു. ആ കാംക്ഷയുമായി കേരളത്തിലേക്ക് വന്നവർ തിരിച്ചു പോയത് ഒരുപിടി ഉത്തരവാദിത്ത ഭാരവുമായായിരുന്നു. നീണ്ട യാത്രയുടെ പരിസമാപ്തിയിൽ മംഗള എക്സ്പ്രസ് ഡൽഹിയോട് അടുത്തുകൊണ്ടിരിക്കെ അവർ പറഞ്ഞു. "അടിമത്വത്തിന്റെ, അനാഥത്വത്തിന്റെ, അന്യതാവൽകരണത്തിന്റെ കരിമുഖം ഇനിയും പേറാൻ ഞങ്ങൾക്ക് ആവില്ല. ഇന്ത്യയിലെ മുസ്‌ലിംകളുടെ അഭിമാനകരമായ അസ്ഥിത്വത്തിന് ഖാഇദെ മില്ലത്തിന്റെ മാർഗം മാത്രമാണ് പ്രായോഗികം. ഞങ്ങളുടെ ഗാവുകളിൽ (ഗ്രാമങ്ങളിൽ) ഞങ്ങൾ ഈ പച്ചപ്പതാക ഉയർത്തും. അടുത്ത ജെ.എൻ.യു. സ്റ്റുഡൻസ് യൂണിയൻ തെരെഞ്ഞെടുപ്പിൽ ഞങ്ങൾ എം. എസ്. എഫിന്റെ ബാനറിൽ മത്സരിക്കും. മുസ്‌ലിം യൂത്ത് ലീഗിന്റെ അദ്ധ്വാനം ഫലം കാണുക തന്നെ ചെയ്യും".

യാത്രയിലുടനീളം അവർ പാടുകയായിരുന്നു, അലീഗഢിൽ നിന്നു വന്ന ഡോ. മുഖ്താർ റാണയും സംഘവും കോഴിക്കോട് സമാപന വേദിയിൽ ആലപിച്ച ഗാനം.

ബുലാ രഹാഹേ ആജ് ഹിലാലീ,
പർച്ചം മുസൽമാൻ കോ.
ഏക് ഹോകർ ദിഖാദോ അപ്നാ
സാരേ ഹിന്ദുസ്ഥാൻ കോ.
ഏക് ഹമാരാ മദ്ഹബ് ഹേ,
ഔർ ഏക് ഹമാരാ നഹ്‌റാ ഹേ.
മുസ്‌ലിം ലീഗ് സിന്ദാബാദ്,
മുസ്‌ലിം ലീഗ് സിന്ദാബാദ്.
അതേ,
ഇന്ത്യയിലെ മുഴുവൻ മുസ്‌ലിംകളെയും
ഇന്ന് ഹരിതപതാക മാടിവിളിച്ചുകൊണ്ടിരിക്കുന്നു.
ഒന്നിച്ചു നിന്ന് മുഴുവൻ ഇന്ത്യക്കും
അഭിമാനകരമായി നമുക്ക് മാതൃകയാവാം.
ഒന്ന് നമ്മുടെ വിശ്വാസം,
ഒന്നു നമ്മുടെ മുദ്രാവാക്യം.
മുസ്‌ലിംലീഗ് സിന്ദാബാദ്,

ഫെബ്രുവരിയുടെ നഷ്ടങ്ങൾ

വിയോഗം
വീണ

ജെറോം ഡേവിഡ് സാലിംഗർ

എറിക് സെഗാൾ

സ്കൂൾ വിദ്യാർത്ഥിയായ ഹോൾഡൻ കാൾ ഫീൽഡിന് ജീവിതം ഒരു പ്രഹേളികയായിരുന്നു. ഉത്തരം കിട്ടാത്ത ഒരു സമസ്യ. അതിനാലാണ് കൊച്ചനിയത്തി ഫോബിയെയും കൂട്ടി കൃത്രിമത്വം നിറഞ്ഞ ഈ ലോകത്തിൽ നിന്നു രക്ഷപ്പെടാൻ ശ്രമം നടത്തിയത്. എന്നാൽ അവസാന നിമിഷം കാൾ ഫീൽഡിന്റെ മനസ്സു മാറുന്നു. അനിയത്തിയുടെ നിഷ്കളങ്കതയ്ക്കു മുറിവേൽപ്പിക്കാതിരിക്കുകയാണ് തന്റെ പ്രഥമ കർത്തവ്യമെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട അവൻ അവളെയും കൂട്ടി സ്വഗൃഹത്തിലേക്കു തന്നെ മടങ്ങിച്ചെല്ലുകയാണ്. കൊച്ചുകൊച്ചു നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ വൻ വിജയ സ്വപ്നം കണ്ടു കഴിയുന്ന ഒരു മാധ്യമ പ്രവർത്തകനുമുണ്ട്, കാൾ ഫീൽഡിന്റെ എല്ലാ പ്രയത്നങ്ങൾക്കും കൂട്ടാളിയായിട്ട്.

1951-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'ദ കാച്ചർ ഇൻ ദ റൈ' എന്ന നോവലിന്റെ പ്രമേയമായിരുന്നു ഇത്. നോവലിസ്റ്റിന്റെ പേര് ജെറോം ഡേവിഡ് സാലിംഗർ. നോവൽ പ്രസിദ്ധീകരിക്കപ്പെടുമ്പോൾ നോവലിസ്റ്റിന് പ്രായം 22 വയസ്സു മാത്രം. പക്ഷേ, അസാധാരണമായ രീതിയിൽ, നവഭാവുകത്വത്തിലൂന്നി നിന്നുകൊണ്ട് കഥ പറഞ്ഞ 'കാച്ചർ ഇൻ ദ റൈ' വായനക്കാരെയും വിമർശകരെയും ഒരു പോലെ ആകർഷിച്ചുകൊണ്ട് ബെസ്റ്റ് സെല്ലറായി മാറി. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച പത്തു നോവലുകളിലന്നായി ഈ കൃതിയെ പല സാഹിത്യ പ്രേമികളും കരുതുന്നു.

ന്യൂയോർക്കിലെ സമ്പന്നായ ജൂതകുടുംബത്തിൽ ജനിച്ച്, അമേരിക്കൻ സർവകലാശാലകളിൽ അധ്യാപകനായിരുന്ന സാലിംഗർ എപ്പോഴും വായനക്കാരനെ ഞെട്ടിപ്പിക്കുന്നതിൽ കൗതുകം കണ്ടെത്തിയിരുന്നു. ജൂതനായിരുന്നെങ്കിലും ക്രൈസ്തവ മിസ്റ്റിസിസത്തോടും സെൻ ബുദ്ധിസത്തോടുമായിരുന്നു കൂടുതൽ ആഭിമുഖ്യം. ജൂതമതത്തെ തള്ളിപ്പറയുന്നതിലേക്കു പോലും ആ ആഭിമുഖ്യം ചെന്നെത്തിയിട്ടുണ്ട്. കാച്ചർക്കു ശേഷം മൂന്നു നീണ്ട കഥകൾ കൂടി എഴുതിയതിനു ശേഷം അറുപതുകളുടെ മധ്യത്തിൽ സാലിംഗർ താൻ സാഹിത്യ രംഗത്തോട് എന്നെന്നേക്കുമായി വിടപറയുകാണെന്ന് പൊടുന്നനെ ഒരു പ്രസ്താവനയിറക്കി. സുഹൃത്തുക്കളിൽ നിന്നും മാധ്യമപ്രവർത്തകരിൽ നിന്നും എല്ലാം അകന്ന് ഒറ്റപ്പെട്ട ജീവിതമായിരുന്നു പിന്നീട്.

> പരാജയപ്പെട്ട രണ്ടു വിവാഹ ബന്ധങ്ങളുടെ ചരിത്രം കൂടി സാലിംഗറുടെ ജീവചരിത്രത്തിൽ കാണാം. ഒരു സുഹൃത്തിന്റെ വീട്ടിൽ നിന്ന് ഒളിച്ചു കടത്തിക്കൊണ്ടുവന്നതാണ് ഹാർവാഡിൽ പഠിച്ച ആദ്യ ഭാര്യയായ ക്ലെയർ ഡഗ്ല സ്. രണ്ടാം ഭാര്യ ജോയ്സ് മൈഹാലിന് സാലിംഗറേക്കാൾ 38 വയസ്സിന്റെ പ്രായക്കുറവും ഉണ്ടായിരുന്നു. മുൻഭർത്താവിന്റെ ക്രൂരതകളെപ്പറ്റി പുസ്തകവും എഴുതിയിട്ടുണ്ട് ഈ രണ്ടാം ഭാര്യ.

എന്നാൽ 2001-ൽ സാലിംഗർ, ഹായർ വർത്ത് 16, 1997 എന്ന കൃതിയോടെ തിരിച്ചുവന്നു. മൂന്നു കഥകളുടെ സമാഹാരമായിരുന്നു ഇത്. പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന മൂന്നു കഥകൾ. മൂന്നും ചേർത്തുവച്ചാൽ ഒരു നോവലാവുകയും ചെയ്യും. ഇന്റർനെറ്റിലൂടെ അവതരിപ്പിക്കപ്പെട്ട ആദ്യത്തെ കഥാരചന എന്ന സവിശേഷത കൂടി ഈ കൃതിക്കുണ്ടായിരുന്നു.

പരാജയപ്പെട്ട രണ്ടു വിവാഹ ബന്ധങ്ങളുടെ ചരിത്രം കൂടി സാലിംഗറുടെ ജീവചരിത്രത്തിൽ കാണാം. ഒരു സുഹൃത്തിന്റെ വീട്ടിൽ നിന്ന് ഒളിച്ചു കടത്തിക്കൊണ്ടുവന്നതാണ് ഹാർവാഡിൽ പഠിച്ച ആദ്യ ഭാര്യയായ ക്ലെയർ ഡഗ്ലസ്. രണ്ടാം ഭാര്യ ജോയ്സ് മൈഹാലിന് സാലിംഗറേക്കാൾ 38 വയസ്സിന്റെ പ്രായക്കുറവും ഉണ്ടായിരുന്നു. മുൻഭർത്താവിന്റെ ക്രൂരതകളെപ്പറ്റി 'അറ്റ് ഹോം ഇൻ ദ വേൾഡ്' എന്നൊരു പുസ്തകവും എഴുതിയിട്ടുണ്ട് ഈ രണ്ടാം ഭാര്യ.

....

സമ്പന്ന കുടുംബത്തിൽ നിന്നുള്ള ഒലിവർ ബാരറ്റ് ഹാർവാഡിലാണ് പഠിച്ചത്. സമ്പന്നത അവകാശപ്പെടാനാവാത്ത ജെന്നി കാവില്ലെരി റാഡ്ക്ലിഫിലും. ഒലിവർക്ക് സ്പോർട്സിലായിരുന്നു കമ്പം. ജെന്നിക്ക് സംഗീതത്തിലും. എന്നിട്ടും അവർ പ്രണയബദ്ധരായി. അഗാധവും തീവ്രവും നിർമലവുമായ പ്രണയം. അത് വിവാഹത്തിൽ കലാശിക്കുകയും ചെയ്തു. എന്നാൽ അവരുടെ സന്തോഷം അധികകാലം നീണ്ടുനിന്നില്ല. രക്താർബുദം ജെന്നിയെ ഈ ലോകത്തിൽ നിന്നു തന്നെ എന്നെന്നേക്കുമായി കൊണ്ടുപോയി.

ഒരു സാധാരണ പ്രേമകഥ. അമേരിക്കയിലെ യേൽ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായിരുന്ന എറിക് സെഗാളിന്റെ ആദ്യ നോവലായിരുന്നു 'ലവ് സ്റ്റോറി' എന്നു പേരായ ഈ കൃതി. എന്നാൽ അപൂർവ മനോഹാരിതയാർന്ന ഈ കൃതി ലോകമൊട്ടുക്കുമുള്ള വായനക്കാരെ പിടിച്ചുലച്ചു. 1970-ൽ പുറത്തുവന്ന ഇത് ഒരൊറ്റ വർഷം കൊണ്ട് നോവലിസ്റ്റിനെപ്പോലും വിസ്മയിപ്പിച്ച് 210 ലക്ഷം കോപ്പികൾ വിറ്റഴിക്കപ്പെട്ടു. ഇതൊരു സർവകാല റെക്കോർഡാണ്. ലവ് സ്റ്റോറിക്കു ശേഷം ഏതാനും നോവലുകൾ കൂടി എറിക് സെഗാൾ എഴുതുകയുണ്ടായി. 'ഒലിവേഴ്സ് സ്റ്റോറി', 'മാൻ, വിമൻ ആന്റ് ചൈൽഡ്', 'ദ ക്ലാസ്', 'ഡോക്ടേഴ്സ്' എന്നിവ അവയിൽ ചിലതാണ്. എന്നാൽ ഇവയിലൊന്നിനു പോലും 'ലവ് സ്റ്റോറി'യുടെ പ്രശസ്തി കൈവരിക്കാൻ കഴിഞ്ഞില്ല.

അക്കാദമിക് വൃത്തങ്ങളിൽ നേരത്തെ തന്നെ അറിയപ്പെട്ടിരുന്ന വ്യക്തിയാണ് എറിക്. പുരാതന ഗ്രീക്കോ-റോമൻ സംസ്കാരത്തെ പറ്റി പ്രത്യേക പഠനം നടത്തിയിട്ടുണ്ട്. തിയേറ്റർ രംഗത്തും അദ്ദേഹം സജീവ സാന്നിധ്യമായിരുന്നു. പ്രസിദ്ധരായ ബീറ്റിൽസ് ഗായക സംഘം 'യെല്ലോ സബ്മറൈൻ' എന്ന ചലച്ചിത്രത്തിന്റെ തിരക്കഥാരചന എറിക് സൈഗാളിനെയാണ് ഏൽപ്പിച്ചത്. പതിനഞ്ചോളം ചലച്ചിത്രങ്ങൾക്ക് ഈ ചരിത്ര പ്രൊഫസർ തിരക്കഥ രചിച്ചിട്ടുണ്ട്. അതിൽ ലവ് സ്റ്റോറിയും സ്റ്റാൻലി ക്രാമറുടെ പ്രശസ്തമായ ആർ.പി.എമ്മും ഉൾപ്പെടുന്നു.

....

ഈ ഫെബ്രുവരിയിൽ ജെ.ഡി. സാലിംഗറും എറിക് സെഗാളും ലോകത്തോട് വിടപറഞ്ഞു. അന്തരിക്കുമ്പോൾ സാലിംഗർക്ക് 81-ഉം സെഗാളിന് 72-ഉം വയസ്സായിരുന്നു.